"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

നം.294/ഇപിഎ 4/2019/ തസ്വഭവ
തദ്ദേശ സ്വയംഭരണ(ഇ.പി.എ)വകുപ്പ്
തിരുവനന്തപുരം,
തീയതി: 11.08.2019

## സർക്കുലർ

വിഷയം:- തസ്വഭവ-പ്രളയ ദുരിതാശ്വാസം- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടുണ്ട നടപടികൾ- അധിക നിർദ്ദേശങ്ങൾ പുറപ്പെട്ടവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 09/08/2019-ലെ സഉ(സാധാ)നം.1735/2019/തസ്വഭവ.
2) 10/08/2019-ലെ ഇതേ നമ്പർ സർക്കുലർ.

ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിലും, ദുരന്ത നിവാരണ പ്രവർത്തങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവമായ പങ്കാളിത്തത്തിന് ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് വേണ്ടി സാധന സാമഗ്രികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ/ഈ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളോ (ട്രിഡ, ജിസിഡിഎ, ശുചിത്വമിഷൻ, കുടുംബശ്രീ മറ്റുളളവ.) ശേഖരിക്കുമ്പോൾ ആ വിവരം അതാത് ജില്ലാ കളക്ടർമാരെ വ്യക്തമായി രേഖാമൂലം അറിയിക്കേണ്ടതാണ്.

2. മറ്റ് ജില്ലകളിലെ ക്യാമ്പുകളിലേക്ക് ദുരിതാശ്വാസ സാമഗ്രികൾ എത്തിച്ച് കൊടുക്കുന്നതിന്, വസ്തുക്കൾ ശേഖരിക്കുന്ന ജില്ലയിലെ ജില്ലാ കളക്ടർമാർ വഴി നടപടി സ്വീകരിക്കേണ്ടതാണ്. ഇത് ദുരിതാശ്വാസ സാമഗ്രികളുടെ ഏറ്റവും ഉചിതവും നീതിപൂർവ്വവുമായ വിതരണം ഉറപ്പ വരുത്തുന്നതിന് സഹായിക്കും.

3. അതു പോലെ തന്നെ ദുരിതാശ്വാസ ക്യാമ്പുകളുമായി ബന്ധപ്പെടുത്തി നടത്തുന്ന ദുരിതാശ്വാസ സാമഗ്രികളുടെ അന്തർ ജില്ലാ ട്രാൻസ്പോർട്ടേഷൻ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ തന്നെ നടത്തുന്നതായിരിക്കും ഉചിതം.

4. ദുരിതാശ്വാസ ക്യാമ്പിന്റെ ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരികൾ ഇത് സംബന്ധിച്ച കാര്യങ്ങൾ ഉറപ്പ വരുത്തേണ്ടതാണ്.

ടി.കെ.ജോസ്.
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്തു ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എലാം തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികൾക്കും (വകുപ്പ് തലവൻ മുഖേന)
തദ്ദേശസ്വയംഭരണ (ഇ.ഡബ്യു.ഇ.യു, ഐ.എ,ഐ.ബി) വകുപ്പിന്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ)

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**